**ശ്രദ്ധക്ഷണിക്കൽ**

(1) <u>തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷ</u>

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, ഏത് പരിഷ്കൃത സമൂഹത്തിലും സ്ത്രീ സുരക്ഷ ഉറപ്പാക്കൽ ഒരു തുടർ പ്രക്രിയയാണ്, ക്ലോസ്ഡ് കംപാർട്ടുമെന്റല്ല. വേദിയിൽ പ്രസംഗിക്കുമ്പോൾ സ്ത്രീ ശാക്തീകരണവും, സ്ത്രീകൾക്കെതിരെയുള്ള അതിക്രമവും പറയുന്നവർക്ക് മാത്രമാണ്, അല്ലെങ്കിൽ അതിൽമാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നവർക്കാണ് അതൊരു ക്ലോസ്ഡ് കംപാർട്ടുമെന്റാകുന്നത്. ഇടതുപക്ഷത്തെ സംബന്ധിച്ചിടത്തോളം അതൊരു തുടർ പ്രക്രിയ ആയതുകൊണ്ടാണ് ഇവിടെ വനിതാ ശിശുക്ഷേമത്തിനുവേണ്ടി പ്രത്യേകമായി ഒരു വകുപ്പുള്ളതും സ്ത്രീ ക്ഷേമം സംബന്ധിച്ചിട്ടുള്ള കാര്യങ്ങളിൽ അതീവ ജാഗ്രതയോടുകൂടി ഇടപെടുന്നതും. അതുകൊണ്ടാണ് ഈ വിഷയം ഒരു കോളിംഗ് അറ്റൻഷനായി ബഹുമാനപ്പെട്ട ഈ സഭയുടെ മുൻപാകെ ഞാൻ കൊണ്ടുവരുന്നതും. ഒരു കാര്യം എനിക്ക് ഉറപ്പുണ്ട്, തൊഴിൽ സംരംഭകരായിട്ടുള്ള സ്ത്രീകളെ സംബന്ധിച്ചിടത്തോളം സെക്രട്ടേറിയറ്റിന് ഉള്ളിലാണെങ്കിലും പുറത്താണെങ്കിലും മാന്യമായി പ്രവർത്തിക്കാനും ഇടപെടാനുമുള്ള ഒരു അവസരം നാലുവർഷം കൊണ്ട് ഇവിടെ സംജാതമായിട്ടുണ്ട്. ഞാൻ ഇവിടെ പറയുന്ന വിഷയമെന്നത് കേരളത്തിൽ

തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ എണ്ണം, തൊഴിൽ ചെയ്ത് കുടുംബത്തിന് സാമ്പത്തിക തുണയാകുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിക്കുകയാണ്. പ്രത്യേകിച്ച് സർക്കാർ ഇതര മേഖലകളിൽ, ഐ.ടി. സെക്ടർ ഉൾപ്പെടെയുള്ള മേഖലകളിൽ പതിനായിരക്കണക്കിന് സ്ത്രീകളാണ് ജോലി ചെയ്യുന്നത്. അവരുടെ എണ്ണവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. തൊഴിൽ മേഖലകളുടെ സ്വഭാവം മാറുന്നു; അതുപോലെ തന്നെ തൊഴിലുകളുടെ സ്വഭാവവും മാറുന്നുണ്ട്. തൊഴിലിടങ്ങളിലെ സ്ത്രീകളുടെ സുരക്ഷയെകുറിച്ചും ക്ഷേമത്തെപ്പറ്റിയും പറയുമ്പോൾ തൊഴിലിടങ്ങൾക്കുള്ളിലും അതുപോലെ തൊഴിലിടത്തേക്ക് വരുന്നതും പുറത്തേക്ക് പോകുന്നതുമായിട്ടുള്ള സ്ത്രീകളുടെ സുരക്ഷയും ഇതിൽപ്പെടുന്നതാണ്. അതിൽ ആദ്യത്തെ കാര്യം, ലിംഗപരമായിട്ടുള്ള വിവേചനം പല മേഖലകളിലും നിലനിൽക്കുന്നുവെന്നുള്ളതാണ്. അത് സാലറിയുടെ കാര്യത്തിലാണെങ്കിലും അല്ലെങ്കിൽ മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുന്ന കാര്യത്തിലാണെങ്കിലും അർഹമായിട്ടുള്ള അവധി, പ്രസവാവധി ഉൾപ്പെടെയുള്ളവ ലഭിക്കുന്നതിൽനിന്ന് നിഷേധിക്കപ്പെടുന്നുണ്ട്. ഒരു സ്ത്രീ വിവാഹിതയായി ഗർഭിണിയാകുമ്പോൾ നിർബന്ധിതമായി ജോലി രാജിവച്ചുപോകേണ്ട സ്ഥിതി പല ഐ.ടി. കമ്പനികളിലും ജോലി ചെയ്യുന്ന പെൺകുട്ടികൾ പറയുന്നുണ്ട്. വളരെ ഗുരുതരമായിട്ടുള്ള സ്ഥിതിവിശേഷമാണ്.

ഇങ്ങനെയുള്ള പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാൻ അല്ലെങ്കിൽ പരാതിപ്പെടാൻ Sexual Harassment of Women at Workplace (Prevention, Prohibition and Redressal) Act, 2013. പ്രകാരം വിശാഖാ കേസിന്റെ അടിസ്ഥാനത്തിൽ എല്ലാ സ്ഥാപനങ്ങളിലും ഒരു കമ്മിറ്റി നിലവിൽ വരണം. പക്ഷെ പല സ്ഥാപനങ്ങളിലും ഈ കമ്മിറ്റി നിലവിലില്ല. ഇനി അഥവാ നിലവിലുണ്ടെങ്കിൽ ഈ കമ്മിറ്റിയിൽ പരാതിപ്പെടാൻ സ്ത്രീകൾ മടിക്കുന്നു. അങ്ങനെ പരാതിപ്പെട്ടാൽ ആ സ്ത്രീകളോട് നിർബന്ധമായും റിസൈൻ ചെയ്ത് പോകണമെന്നാണ് പറയുക. ഇതിനൊരു മാറ്റമുണ്ടാകുന്നതിനുവേണ്ടി എല്ലാ കമ്പനികളിലും വിശാഖ കേസിന്റെ അടിസ്ഥാനത്തിൽ, ആക്ടിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റികൾ നിലവിൽ വരുന്നുണ്ടെന്ന് ഉറപ്പാക്കണം. സ്ത്രീകൾക്കും പെൺകുട്ടികൾക്കും അവിടെ പരാതിപ്പെടുന്നതിനുവേണ്ടി, നിർഭയം പരാതിപ്പെടുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനമുണ്ടാകണം. സംസ്ഥാനതലത്തിൽ ഇത് നേരിട്ട് പെൺകുട്ടികൾക്കും സ്ത്രീകൾക്കും പരാതിപ്പെടുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടേണ്ടതിന്റെ ആവശ്യകതയുണ്ടാകണം. അതിൽ അടിയന്തരമായി ഇടപെടണമെന്ന് ബഹുമാനപ്പെട്ട മിനിസ്റ്ററോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം സ്ത്രീകളുമായി ബന്ധപ്പെട്ട് കുട്ടികളുടെ പരിപാലനം; സ്ത്രീകളുടെ

ഉത്തരവാദിത്വമായിട്ടുള്ള സാമൂഹികാന്തരീക്ഷത്തിൽ നാഷണൽ മിനിമം ഗൈഡ് ലൈൻ അനുസരിച്ച് കമ്പനികൾ ക്രഷുകൾ ഉറപ്പാക്കണം. അത്തരം സ്ഥാപനങ്ങൾ അവിടെ ഉണ്ടാകേണ്ടതുണ്ട്. 50 കുഞ്ഞുങ്ങളെ ഉൾക്കൊള്ളുന്ന നല്ല ക്രഷുകൾ ഉണ്ടാകണം. പക്ഷെ അങ്ങനെയുള്ള ക്രഷ് സംവിധാനങ്ങളൊന്നുമില്ല. ഇത് സ്ത്രീകൾക്ക് വലിയ മാനസിക പ്രശ്നങ്ങൾ, സ്ട്രെസ്സ് ഉണ്ടാക്കുന്നു. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മിനിസ്റ്റർ പറയുകയുണ്ടായി, സ്ത്രീകൾക്കിടയിൽ ഹൈപ്പർ ടെൻഷൻ വളരെക്കൂടുതലാണ്. ഇതിൽ ഇടപെടലുകൾ ഉണ്ടാകണം. തൊഴിൽ വകുപ്പുമായി ചേർന്നുകൊണ്ടാണ് വനിതാ ശിശു ക്ഷേമ വകുപ്പിന് ഈ രീതിയിൽ ഫലപ്രദമായി ഇടപെടാൻ കഴിയുക. ഇത് സംബന്ധിച്ചുള്ള ഫലപ്രദമായ ഇടപെടൽ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സ്ത്രീകളുടെ സുരക്ഷയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിഷയങ്ങളാണ് ഇന്ന് രാവിലെ മുതൽ ഈ സഭയിൽ വന്നുകൊണ്ടിരിക്കുന്നത്. ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി എന്ന നിലയിൽ വളരെ ചുരുക്കി ചില കാര്യങ്ങൾ പറയണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. പക്ഷേ, രാവിലെയുണ്ടായ ചില പരാമർശങ്ങൾക്ക് അപ്പോൾ പ്രതികരിക്കാൻ

കഴിഞ്ഞിട്ടില്ലെങ്കിലും പ്രത്യേകിച്ച് വനിത-ശിശു വികസന വകുപ്പ് എന്ന നിലയിലെ ചില പരാമർശങ്ങൾക്കുള്ള പ്രതികരണത്തിനുകൂടി ഒരു മറുപടി പറയാൻ സദയം ഒരവസരം തരണം. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ഞാൻ ആദ്യം സൂചിപ്പിക്കാം, അതിനുശേഷം അടുത്തതിലേയ്ക്ക് വരാം. വളരെ നല്ലൊരു കാര്യമാണ് ശ്രീമതി വീണാ ജോർജ്ജ് സൂചിപ്പിച്ചത്. ശ്രദ്ധക്ഷണിക്കലുമായും രാവിലത്തെ അടിയന്തരപ്രമേയവുമായും ബന്ധപ്പെട്ടുകൊണ്ട് ഗവൺമെന്റ് ചെയ്ത ധാരാളം കാര്യങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞുകഴിഞ്ഞു. അക്കാര്യങ്ങളൊന്നും ഞാൻ ആവർത്തിക്കുന്നില്ല. തൊഴിലെടുക്കുന്ന മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പറയുമ്പോൾ അത് വളരെ ഗൗരവമുള്ള ഒരു വിഷയമായി നമ്മൾ എടുത്തിട്ടുണ്ട്. Harassment at workplace എന്നത് പരിഹരിക്കാനാവശ്യമായ നിയമവുമായി ബന്ധപ്പെട്ട് എല്ലാ സ്ഥാപനങ്ങളിലും Internal Complaints Committee (ICC) രൂപീകരിക്കണമെന്ന നിബന്ധനയുണ്ട്. ഈ ഗവൺമെന്റ് വരുമ്പോൾ അത്തരമൊന്ന് വളരെ വിരളമായിരുന്നു. വളരെ ശക്തമായ തീരുമാനമെടുക്കുകയും തൊഴിലിടങ്ങളിൽ ഇത്തരം കമ്മിറ്റി രൂപീകരിക്കുന്നതിന് വനിത-ശിശു വികസന വകുപ്പിനെ

നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തുകയും ചെയ്തു. അതിന്റെ ഭാഗമായി കൂടുതൽ ഇന്റേണൽ കമ്മിറ്റി (IC) രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്. IC-യും LC (Local Complaints Committee)- യും രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്. നല്ല പുരോഗതി ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്, എന്നാൽ പൂർണ്ണമായും കഴിഞ്ഞിട്ടില്ല. എല്ലാ ജില്ലാ കളക്ടർമാരേയും ഈ അധികാരം വിനിയോഗിക്കാനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാതലത്തിൽ വനിത – ശിശു വികസന വകുപ്പ് ഓഫീസർക്ക് പ്രത്യേക ചുമതല നിശ്ചയിച്ച് കൊടുത്തുകൊണ്ട് ബന്ധപ്പെട്ട കമ്മിറ്റികൾ രൂപീകരിച്ചുവരികയാണ്. വളരെ പെട്ടെന്നുതന്നെ ഇവ പൂർത്തീകരിക്കാൻ സാധിക്കും. 258 വനിത– ശിശു വികസന പദ്ധതി ഓഫീസർമാരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. സ്റ്റേറ്റ് നോഡൽ ഓഫീസറായി വനിത-ശിശു വികസന വകുപ്പിന്റെ ഡയറക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിരവധി പദ്ധതികൾ സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി രൂപീകരിച്ച കൂട്ടത്തിൽ 'കൈത്താങ്ങ്' എന്ന പ്രത്യേക പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്. ഗാർഹിക അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്ക് പരാതി കൊടുക്കുന്നതിനുള്ള സഹായവുംമറ്റും ചെയ്യുന്നതിനായി ഒരു

സ്ക്വാഡ് തന്നെ രൂപീകരിക്കുകയുണ്ടായി. കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ, മഹിളാപ്രധാൻ ഏജന്റുമാർ, ജനമൈത്രി പോലീസ്, യുവജന ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, റിട്ടയേർഡ് ഉദ്യോഗസ്ഥർ എന്നീ മേഖലയിൽ നിന്നുള്ള ആളുകളെ ചേർത്തുകൊണ്ട് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 70 പഞ്ചായത്തുകളിലെ 350 വാർഡുകളിൽ 2017-2018-ൽ ഈ പദ്ധതി തുടങ്ങിയിട്ടുണ്ട്. ഇപ്പോഴത് കൂടുതൽ വാർഡുകളിലേയ്ക്ക് വ്യാപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. Vulnerable ആയിട്ടുള്ള കുടുംബങ്ങളെ മുൻകൂട്ടി കണ്ടെത്തി അവർക്ക് നിയമസഹായം നൽകുകയും കുറ്റകൃത്യങ്ങൾ കണ്ടെത്തി പോലീസിൽ റിപ്പോർട്ട് ചെയ്യുകയുമാണ്. ഇവിടെ മുമ്പത്തെക്കാൾ കൂടുതലായി ധാരാളം കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടുവെന്ന് രാവിലെ പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോൾ പറഞ്ഞു. കേരളത്തിൽ കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടുവെന്നത് വസ്തുതയാണ്. കൈത്താങ്ങ് അടക്കമുള്ള ഇത്തരം പദ്ധതികളും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തേ പറഞ്ഞതുപോലെ ജനമൈത്രി പോലീസിനെ കൂടുതൽ ജാഗ്രതപ്പെടുത്തിയതിന്റെ ഭാഗമായും 'നിഴൽ' പോലുള്ള പോലീസിന്റെ സംവിധാനങ്ങളും 'സുരക്ഷിത' പോലുള്ള പദ്ധതികളും പോലീസ് വകുപ്പ്

ആവിഷ്കരിച്ചതിന്റെ ഫലമായും ഗ്രാമങ്ങളിലടക്കം വീടുകളുമായി ബന്ധപ്പെടുകയും അവിടെയെല്ലാം ഗാർഹിക പീഡനങ്ങളോ, കുട്ടികളെ ദ്രോഹിക്കുന്ന അവസ്ഥയോ ഉണ്ടാകുമ്പോൾ അതൊക്കെ ഗവൺമെന്റിന്റെയും നിയമവിഭാഗത്തിന്റെയും ശ്രദ്ധയിൽക്കൊണ്ടുവരികയും കേസ് രജിസ്റ്റർ ചെയ്യിപ്പിക്കുന്ന അവസ്ഥയും കേരളത്തിൽ ഉണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് ഈ അടുത്ത നാളുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണം കേരളത്തിൽ വർദ്ധിച്ചത്. ഇതെല്ലാം മഹിളാ പ്രവർത്തകയായിട്ടുള്ള ശ്രീമതി ഷാനിമോൾ ഉസ്മാൻ അടക്കമുള്ളവർ പഠിക്കേണ്ടതും പരിശോധിക്കേണ്ടതുമാണ്. കേസ് രജിസ്റ്റർ ചെയ്തതിന്റെ എണ്ണം കൂടിയതുകൊണ്ട് നാല് വർഷംകൊണ്ട് ഇവിടെയാകെ പീഡനമായി എന്നതല്ല. ധാരാളം പീഡനം നടക്കുന്നുണ്ട്. ഒരു കാര്യം ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്, സ്വാതന്ത്ര്യം കിട്ടിയിട്ട് ഇത്രയും വർഷങ്ങളായെങ്കിലും ഒരു രാജ്യത്തിന്റെ സാമൂഹികാവസ്ഥയിലും സാംസ്കാരികാവസ്ഥയിലും മാറ്റം വരുത്താനായി എടുക്കേണ്ടിയിരുന്ന ഉചിതമായ നടപടികൾ കേന്ദ്രത്തിൽ ഭരണാധികാരികൾ സ്വീകരിക്കാത്തതിന്റെ ഭാഗമായി ഇന്നും ഇന്ത്യൻ സമൂഹം സ്ത്രീകളെയും കുട്ടികളെയും ഈ രീതിയിൽ ഇകഴ്ത്തുന്ന ഒന്നായി

മാറിയിരിക്കുന്നു, അക്കാര്യം പറയാതെ വയ്യ. ഇന്ന് കേരളത്തിൽ മാത്രമല്ല ഇത്തരം സംഭവങ്ങളുണ്ടാകുന്നത്. കേരളത്തിലുണ്ടാകുന്ന സംഭവങ്ങളുടെ ഗ്രാവിറ്റി കുറയ്ക്കാൻ ഞാൻ മന:പൂർവ്വം ഉത്തരേന്ത്യയിലെല്ലാം ഇങ്ങനെ ഉണ്ടാകുന്നുവെന്ന് പറയുന്നതായി വ്യാഖ്യാനിക്കരുത്. എന്നാൽ ഈ രാജ്യത്ത് സ്ത്രീകളും കുട്ടികളും പരക്കെ ആക്രമിക്കപ്പെടുന്നുണ്ട്. ഡൽഹിയിൽ ഓരോ മിനിട്ടിലും ഒരു സ്ത്രീ ബലാത്സംഗത്തിന് വിധേയമാകുന്നു എന്നാണ് പറയുന്നത്. ഉത്തരേന്ത്യൻ ഗ്രാമങ്ങളിലെല്ലാം ഇത്രമാത്രം ഹീനമായ അവസ്ഥയാണ്. ഗർളാഞ്ചിൽ ഒരു പെൺകുട്ടി പ്ലസ്‌വൺ-ന് പഠിക്കാൻ ആഗ്രഹിച്ചുവെന്നതുകൊണ്ടാണ് ഓടിച്ചെന്ന് സവർണ്ണമേധാവികൾ അവളെ മാനഭംഗം ചെയ്തതും സഹോദരങ്ങളെ വെട്ടിക്കൊന്നതും. ദിവസേന ഇത്തരത്തിലുള്ള അതിക്രമങ്ങൾ നടക്കുന്നു. എന്നാൽ കേരളത്തിൽ നാം നടത്തിയിട്ടുള്ള നിരന്തരമായ ഇടപെടലിന്റെയും സാമൂഹ്യ പരിഷ്കർത്താക്കൾ നടത്തിയിട്ടുള്ള ഇടപെടലിന്റെയും ഭാഗമായി കുറേയേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നമുക്ക് സാധിച്ചിട്ടുണ്ട്. എന്നാലും ഇന്ത്യൻ സമൂഹത്തിന്റെ മൊത്തത്തിലുള്ള വൃത്തികേടുകളിൽ പലതും കേരളീയ സമൂഹത്തിലുമുണ്ട്. വളരെ പരിഹാസ്യമായ രീതിയിൽ ഗവൺമെന്റ് എടുക്കുന്ന നടപടികളെക്കുറിച്ച് ഇവിടെ പറഞ്ഞു,

അങ്ങനെ രണ്ടുപേരുടെ ഭാഗത്തുനിന്നുണ്ടായി, അതിലൊന്ന് ശ്രീമതി ഷാനിമോൾ ഉസ്മാൻ തന്നെയായിരുന്നു. ഇവിടെ നൈറ്റ് വാക്കിനെക്കുറിച്ച് പറഞ്ഞു, ഇവിടെ ഒരു രാത്രി നടത്തം മാത്രമല്ല സംഘടിപ്പിച്ചിട്ടുള്ളത്. ഇതും സർക്കാർ സ്പോൺസേർഡ് പരിപാടിയായി ആളുകളെ വച്ച് നടത്തിയതാണ്, ശ്രീമതി ഷാനിമോൾ ഉസ്മാന്റെ സംഘടനയെയടക്കം വിളിച്ചിരുന്നു. അവരിൽ പലരും ചിലയിടങ്ങളിൽ പങ്കെടുത്തിട്ടുണ്ട്, എന്നാൽ ചിലർ പങ്കെടുത്തിട്ടുമില്ല. ഇതെല്ലാം ഒരു stigma ഒഴിവാക്കാനായി സ്വീകരിച്ച നടപടികളാണ്. അഞ്ചുമണി കഴിഞ്ഞാൽ സ്ത്രീകൾക്ക് പുറത്തിറങ്ങാമോ? അതിന് സ്ത്രീകളും ധൈര്യപ്പെടുന്നില്ല, പുറത്തിറങ്ങുമ്പോൾ ചില വികൃതികൾ വന്ന് വൃത്തികേടുകൾ കാണിക്കുകയും ചെയ്യുന്നു. ഈ സമൂഹത്തിലെ പുരുഷന്മാരാകെ മോശമാണെന്നല്ല, എന്നാൽ വളരെ മോശമായിട്ടുള്ള പെരുമാറ്റം നമ്മുടെ സമൂഹത്തിനകത്ത് ഉണ്ടാകുന്നുണ്ട്. അത് മാറ്റിയെടുക്കാനുള്ള നടപടികളിൽ ഒന്നായിരുന്നു നൈറ്റ് വാക്ക്, അതിന് ഫലവും ഉണ്ടായിട്ടുണ്ട്. അത്തരത്തിലുള്ള ധാരാളമാളുകളെ നിയമത്തിനു മുൻപാകെ കൊണ്ടുവന്ന് കാണിക്കാൻ സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ള ഒരു കാര്യം ഐ.ടി മേഖലയെക്കുറിച്ചാണ്. ഐ.ടി. മേഖലയിൽ സ്ത്രീകൾക്ക് രാത്രി

സഞ്ചരിക്കേണ്ടതായിവരുന്നുണ്ട്. അവർക്കൊരു ആത്മധൈര്യം പകരാൻവേണ്ടിയിട്ടുതന്നെയാണ് അത്തരത്തിലുള്ള നടപടിക്രമങ്ങളടക്കം ആലോചിച്ചിട്ടുള്ളത്. ഷിഫ്റ്റുകളിലൊക്കെ ജോലിചെയ്യുന്നവർക്ക് രാത്രി സഞ്ചരിക്കേണ്ടതായി വരുന്നുണ്ട്. 'പൊതു ഇടം എന്റേതും' എന്നാണ് അതിന്റെ മുദ്രാവാക്യം. അതിന്റെ ഭാഗമായി നടപടികൾ സ്വീകരിച്ചത് നല്ല ആത്മവിശ്വാസം പകരുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇതുകൂടാതെയും ഒരുപാട് നടപടിക്രമങ്ങൾ ഉണ്ടാകുന്നുണ്ട്. ജൻഡർ പാർക്ക് വരുന്നു, ജൻഡർ ബഡ്ജറ്റ് അവതരിപ്പിച്ചു. ഇതിനകത്ത് സ്ത്രീകളുടെ entrepreneurship പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇന്റർനാഷണൽ വിമൻസ് റിസർച്ച് ആന്റ് ട്രേഡ് സെന്റർ എന്ന സംരംഭത്തെക്കുറിച്ച് ഗവർണറുടെ സ്പീച്ചിലും ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് സ്പീച്ചിലും പറഞ്ഞിരുന്നു. പറഞ്ഞാൽ തീരാത്ത അത്രയും കാര്യങ്ങൾ ഈ നാലരവർഷംകൊണ്ട് തുടങ്ങിയിട്ടുണ്ട്. ഒരു കാര്യം കൂടി ഞാൻ പറയാൻ ആഗ്രഹിക്കുന്നു, ഡോ. എം. കെ. മുനീർ ചില കാര്യങ്ങൾ പറയുമ്പോൾ തങ്ങൾ മാത്രമാണ് സർവ്വജ്ഞർ ബാക്കിയെല്ലാവരും വിഡ്ഢികളാണ് എന്നുള്ള മട്ടിൽ പറയരുത്. സി.ഡബ്ല്യു.സി (Child Welfare Committee) ചെയർമാൻമാരെ തെരഞ്ഞെടുത്തത് മന്ത്രിക്ക് അറിയില്ലെന്ന്

പറഞ്ഞു. ഡോ. എം. കെ. മുനീർ ഇപ്പോൾ എല്ലാകാര്യങ്ങളും പറയുമ്പോൾ ഞാൻ ശ്രദ്ധിക്കാറുണ്ട്, ഞാൻ അദ്ദേഹത്തെ അങ്ങനെയല്ല കരുതിയത്, എനിക്ക് എല്ലാ കാര്യങ്ങളും അറിയാം, പക്ഷേ നിങ്ങൾക്ക് അതൊന്നും അറിയില്ല എന്നൊരു മനോഭാവമുണ്ട്. എന്റെ ഡിപ്പാർട്ടുമെന്റിനകത്തെ സി.ഡബ്ല്യു.സി. ചെയർമാൻമാർ ആരൊക്കെയാണ്, അവർ എന്തൊക്കെയാണ് ചെയ്യുന്നത്, ചെയ്യേണ്ടത് എന്നതിനെക്കുറിച്ചൊക്കെ നല്ല ധാരണയുണ്ട്. അവർക്കെല്ലാംതന്നെ നല്ലരീതിയിലുള്ള ട്രെയിനിംഗ് കൊടുത്ത് കൂടുതൽ ശക്തമായി കാര്യങ്ങൾ ചെയ്യാൻ പ്രാപ്തരാക്കിയിട്ടുണ്ട്. നമുക്ക് വൺസ്റ്റോപ്പ് സെന്ററുകളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യം പറഞ്ഞു, സ്ത്രീകൾക്കും കുട്ടികൾക്കും അവരുടെ പ്രശ്നങ്ങൾ പറയുന്നതിനുതന്നെയാണ് 14 ജില്ലകളിലും വൺസ്റ്റോപ്പ് സെന്റർ തുറന്നത്. ആക്രമിക്കപ്പെടുന്ന സ്ത്രീകൾക്ക് വൈദ്യസഹായവും നിയമസഹായവും പെട്ടെന്ന് കിട്ടുന്നതിനുള്ള നടപടി വൺസ്റ്റോപ്പ് സെന്ററിലൂടെ നന്നായി പുരോഗമിച്ചിട്ടുണ്ട്. ഇപ്പോഴും ഗാർഹിക പീഡനവും കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങളും തുടരുന്നുണ്ട്. ഞാൻ നേരത്തേ പറഞ്ഞതിന്റെ ഭാഗംതന്നെയാണത്, ഒരു സാമൂഹ്യപരിവർത്തനത്തിനുതകുന്ന രീതിയിൽ കാര്യങ്ങളായില്ല. പോക്സോ

കോടതികൾ കേസുകൾ തീർപ്പുകല്പിക്കുന്നതിനെ സംബന്ധിച്ച് പറയാം, ഒന്നുരണ്ട് കാര്യങ്ങൾകൂടി എനിക്ക് പറയാതെ വയ്യ. കേസുകൾ തീർപ്പുകല്പിക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെകൂടി നിർദ്ദേശമനുസരിച്ച് (...ബഹളം..) ഞാൻ പറയട്ടെ.. അങ്ങനെയങ്ങ് ആരോപണം ഉന്നയിച്ച് പോകാൻ പറ്റില്ലല്ലോ, ഇതൊരു പൊതുപ്രശ്നമാണ്. കാരണം സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം ഏതെങ്കിലുമൊരു പാർട്ടിയുടെയോ ഭരണപക്ഷത്തിന്റെയോ പ്രതിപക്ഷത്തിന്റെയോ മാത്രം വിഷയമല്ല. ഈ നാട്ടിൽ സ്ത്രീകളും പെൺകുട്ടികളും സംരക്ഷിക്കപ്പെടണം. അതുകൊണ്ടുതന്നെയാണ് കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കാനായി എല്ലാ ജില്ലകളിലും പോക്സോ കോടതികൾ ആരംഭിക്കണമെന്ന കേന്ദ്രഗവൺമെന്റിന്റെകൂടി നിർദ്ദേശമനുസരിച്ചാണ് കൂടുതൽ പോക്സോ കോടതികൾ ആരംഭിക്കുമെന്ന് പറഞ്ഞത്. വനിതാ കമ്മീഷൻ നോക്കുകുത്തിയായി എന്ന് ബഹുമാനപ്പെട്ട ഷാനിമോൾ ഉസ്മാൻ പറഞ്ഞല്ലോ. കഴിഞ്ഞകുറേ വർഷങ്ങളായി കെട്ടിക്കിടന്ന കേസുകൾക്ക് പരിഹാരം കാണുന്നതിനുള്ള അദാലത്തുകൾ നടത്തുകയായിരുന്നു ഈ ഗവൺമെന്റ് വന്നപ്പോൾ വനിതാ കമ്മീഷന്റെ ഉത്തരവാദിത്വം. വനിതാ കമ്മീഷന്റെ

പ്രവർത്തനം വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. കെട്ടിക്കിടക്കുന്ന നൂറുകണക്കിന് കേസുകൾ അദാലത്തുകൾ നടത്തി പരിഹരിച്ചതും ഇപ്പോഴത്തെ വനിതാ കമ്മീഷൻ വന്നതിനുശേഷമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ധാരാളം കേസുകൾ പെന്റിംഗായിരുന്നു. ആ കേസുകളെല്ലാംതന്നെ പരിഹരിക്കുന്നതിന് കഴിഞ്ഞുവെന്നതാണ് പ്രധാനപ്പെട്ട കാര്യം.

മി. സ്പീക്കർ: മിനിസ്റ്റർ കൺക്ലൂഡ് ചെയ്യൂ.. മിനിസ്റ്റർ പറഞ്ഞവസാനിപ്പിച്ചതിനുശേഷം സംസാരിക്കാൻ സമയം തരാം. അല്ലെങ്കിൽ വീണ്ടും നീണ്ടുപോകും. പ്ലീസ് കൺക്ലൂഡ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട വീണാ ജോർജ്ജ് പറഞ്ഞതുപോലെ Internal Complaints Committee-യും Local Complaints Committee-യും പൂർണ്ണമാകുന്നതുവരെ ആ പ്രവർത്തനം തുടരുന്നതാണ്. നല്ലരീതിയിലുള്ള പുരോഗതി അതിനകത്ത് ഉണ്ടായിട്ടുണ്ട്. ക്രഷുകളെപ്പറ്റി പറഞ്ഞു, മറ്റ് സംസ്ഥാനങ്ങളിൽ നിന്നുവന്ന തൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥലത്തടക്കം ക്രഷുകൾ ആരംഭിച്ച സർക്കാരാണിത്. എന്നാലും ആ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ല. ധാരാളം ക്രഷുകൾ ഐ.ടി. മേഖലയിലടക്കം തുടങ്ങുന്നതിനുവേണ്ടി ആലോചിച്ചിട്ടുണ്ട്. നേരത്തേ പറഞ്ഞ

എല്ലാകാര്യങ്ങളെ സംബന്ധിച്ചും ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വളരെ വിശദമായി മറുപടി നൽകിയിട്ടുണ്ട്. നമുക്ക് ഒരുമിച്ച് മുന്നേറണം. എല്ലാവരും എല്ലാതരത്തിലുള്ള മഹിളാ സംഘടനകളും ഭരണ-പ്രതിപക്ഷ ഭാഗത്തുനിന്നുള്ളവരുമെല്ലാം കൂടിച്ചേർന്ന് സ്ത്രീകൾക്കും കുട്ടികൾക്കും നേരേയുള്ള അതിക്രമങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനും വളരെപെട്ടെന്നുതന്നെ നടപടികളുണ്ടാക്കുന്നതിനും ആവശ്യമായ കൂടുതൽ ശക്തമായ നീക്കമുണ്ടാകണം. അതിനുവേണ്ടി ഗവൺമെന്റ് എല്ലാ നടപടികളും സ്വീകരിക്കും. അതിനായി ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ സഹകരിച്ച് നമുക്ക് മുന്നോട്ടുപോകാം. ഡോ. ബി. ആർ. അംബേദ്കറെ ക്വാട്ട് ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്, degree of the progress of the society is measured by the degree of the progress of women എന്നാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ എവിടെ സ്ത്രീകൾക്ക് സുരക്ഷ കിട്ടുന്നുവോ, അവിടെ മാത്രമേ സാമൂഹിക പുരോഗതിയുള്ളൂ. സ്വാതന്ത്ര്യം കിട്ടി ഇത്രയും വർഷമായിട്ടും നമുക്കതിന് സാധിച്ചിട്ടില്ല. പക്ഷേ ഉണ്ടാക്കിയെടുത്തേ മതിയാകൂ, ഞാൻ ആ വാചകത്തെ അംഗീകരിക്കുന്നു, അതുണ്ടാക്കിയെടുക്കാൻ ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ നമുക്ക് ഒറ്റക്കെട്ടായി പ്രവർത്തിക്കാം എന്നുമാത്രം

സൂചിപ്പിക്കുകയാണ്.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് ശ്രദ്ധക്ഷണിക്കലാണ്. ശ്രദ്ധക്ഷണിക്കലിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ അതുമായി ബന്ധമില്ലാത്ത, നേരത്തെ സമാനമായ വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി ഷാനിമോൾ ഉസ്മാൻ നൽകിയ അടിയന്തരപ്രമേയ നോട്ടീസിനുള്ള മറുപടിയാണ് പറയുന്നത്. സാധാരണഗതിയിൽ അതിനെന്തെങ്കിലും മറുപടി പറയാനുണ്ടെങ്കിൽ ആ സമയത്താണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇടപെട്ട് സംസാരിക്കേണ്ടത്. ആ സമയത്ത് വകുപ്പുമന്ത്രി സംസാരിച്ചില്ല.

<u>മി. സ്പീക്കർ</u>: പോയിന്റ് ഓഫ് ഓർഡർ എന്താണ്?

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ആ പ്രമേയം ചർച്ചചെയ്യാൻ അനുവദിക്കാതെ മറ്റൊരു നടപടിക്രമത്തിനിടയിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നേരത്തെ അടിയന്തരപ്രമേയം അവതരിപ്പിച്ച മെമ്പറുടെ പേര് നാല് തവണ ഇവിടെ എടുത്തു പറഞ്ഞ് ഇങ്ങനെ ചെയ്യുന്നത് ഓർഡറിലാണോ; അങ്ങ് കമന്റ് പറയണം. ....(...ബഹളം...)

<u>മി. സ്പീക്കർ</u>: ശ്രീമതി ഷാനിമോൾ ഉസ്മാൻ സ്ത്രീസുരക്ഷയുമായി

ബന്ധപ്പെട്ടൊരു പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. അവരുടെ ആദ്യത്തെ അടിയന്തരപ്രമേയമായതുകൊണ്ട് അവർക്ക് യഥേഷ്ടം സമയംകൊടുത്തു. സാധാരണഗതിയിൽ ലഭിക്കാത്ത നിലയിൽ 12-13 മിനിറ്റുകൊടുത്തു. അതിനുശേഷം പ്രതിപക്ഷ നേതാവ് വാക്ക് ഔട്ട് സ്പീച്ച് 12 മിനിറ്റ് നടത്തി, ഉപനേതാവ് 6 മിനിറ്റ് നടത്തി, അതിനുശേഷം ശ്രീ. പി. ജെ. ജോസഫ് ഉൾപ്പെടെയുള്ള മറ്റ് നേതാക്കളെല്ലാം പ്രസംഗം നടത്തി. ഏതാണ്ട് 40 മിനിറ്റോളം ഈ സഭയിൽ അത് ഉന്നയിക്കപ്പെട്ടു. സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട ഒരു ശ്രദ്ധക്ഷണിലാണ് അവർ കൊണ്ടുവന്നത് അതുമായി ബന്ധപ്പെട്ട് വിശദീകരിച്ചുവെന്നുമാത്രം. സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ടിട്ടുള്ള വിഷയത്തിൽ താല്പര്യം ഒന്നാണല്ലോ.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട് സ്ത്രീശാക്തീകരണത്തിൽ ഇത്രയും സങ്കുചിതമായ കാഴ്ചപ്പാടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗത്തിനുള്ളതെന്നത് വളരെ നിർഭാഗ്യകരമാണ്. എന്റെ ചോദ്യം ഇതാണ്; ഞാൻ എന്ത് ചോദ്യം ചോദിക്കണമെന്ന് ബഹുമാന്യനായ മെമ്പർ അല്ല തീരുമാനിക്കേണ്ടത്. (...ബഹളം...) ഈ സഭയിൽ അംഗമായ എനിക്ക് എന്ത് സംസാരിക്കണമെന്നും എന്ത് ചോദിക്കണമെന്നും പ്രതിപക്ഷാംഗമല്ല

തീരുമാനിക്കേണ്ടത്. രണ്ടാമത്തെ ചോദ്യം; ഇവിടെ സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ ഇതര സ്ഥാപനങ്ങളിലും സ്ത്രീകളുമായി ബന്ധപ്പെട്ട് സ്ത്രീസൗഹൃദ അന്തരീക്ഷമുണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്. സർക്കാർ ഓഫീസുകളിലെല്ലാം അതിനുള്ള ശ്രമങ്ങൾ വളരെ തീവ്രമായി ആരംഭിച്ചിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സ്ത്രീകളുടെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം വുമൺ ഫ്രണ്ട്ലി പോളിസികൾ (സ്ത്രീ സൗഹൃദ പോളിസികൾ) അവലംബിക്കുന്ന കമ്പനികൾക്ക് വനിതാ ശിശുക്ഷേമ വകുപ്പിൽനിന്ന് ഒരു പുരസ്കാരം/റിവാർഡ് ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ? അതിന് കഴിയുമോ? അതോടൊപ്പംതന്നെ, സർക്കാർ സ്ഥാപനങ്ങളിലും രണ്ട് കാറ്റഗറികളിലായി ആ രീതിയിലുള്ള ഒരു അംഗീകാരം നൽകുന്നതിനെക്കുറിച്ച് വകുപ്പ് ആലോചിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഇവിടെ മെമ്പർ ഉന്നയിച്ചതിനെപ്പറ്റി വനിത-ശിശു വികസന വകുപ്പ് ആലോചിക്കുകയും ഏറ്റവും നല്ല സ്ത്രീ സൗഹൃദ അന്തരീക്ഷമൊരുക്കുന്ന അത്തരം സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണനയും പരാമർശവും നൽകുന്ന രീതി ഉണ്ടാക്കുമെന്നുള്ളത് ഞാൻ പറയുകയാണ്.

(2) വന്യജീവി ആക്രമണം

ശ്രീ. പി. ജെ. ജോസഫ്: സർ, വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിലെ കർഷകർ നിരന്തരം ആക്രമണം നേരിടുന്നു. കാർഷികവൃത്തി തുടർന്നുപോകാൻ കഴിയാത്ത സ്ഥിതിയാണ്. അടുത്ത ദിവസം ഞാൻ കോതമംഗലത്ത് പോയിരുന്നു. കുട്ടമ്പുഴയിലെ ഒരു കർഷകൻ രണ്ടുമാസം ഒളിവിലായിരുന്നു. കാരണം, ഒരു രാജവെമ്പാല അദ്ദേഹത്തിന്റെ വീട്ടിൽ കയറിയപ്പോൾ വീട്ടമ്മ ഓടി രക്ഷപ്പെട്ടു. രണ്ടുദിവസം കഴിഞ്ഞപ്പോൾ ആരോ രാജവെമ്പാലയെ കൊന്നു. കേസ്സായപ്പോൾ പ്രതികളെ അന്വേഷിച്ച് നടന്നു. ആ രണ്ടുമാസം വീട്ടുടമസ്ഥൻ ഒളിവിലായിരുന്നു. ഏതായാലും ദൃശ്യം സിനിമ കണ്ട ആളായതുകൊണ്ട് മണ്ണ് ഇളകിയ ഇടത്തെല്ലാം രാജവെമ്പാലയെ കുഴിച്ചിട്ടിട്ടുണ്ടോയെന്ന് അറിയാൻ കുഴിച്ചുനോക്കുകയാണ്. ഒരിടത്ത് കുഴിച്ചപ്പോൾ രാജവെമ്പാല കടിച്ച് കൊന്ന കോഴിയുടെ ജഡമാണ് കിട്ടിയത്. രാജവെമ്പാലയെ കൊന്നാൽ വീട്ടിൽ കയറാൻ പറ്റുകയില്ല. അവിടെയുള്ള ആളുകൾ പറഞ്ഞ സങ്കടമാണ്. രണ്ടാമതൊരു കാര്യം, വേറൊരു പഞ്ചായത്തിൽ ആനക്കൂട്ടം വന്ന് പ്രസവിച്ചു. അവിടെ നിന്ന് ആന മാറാതെ നിൽക്കുകയാണ്. 100 ഏക്കർ സ്ഥലത്തെ മുഴുവൻ കൃഷിയും നശിപ്പിച്ചു. എല്ലാം

ചവിട്ടിമെതിച്ച ആനയെ കടത്തികൊണ്ടുപോകാൻ ഒരു നടപടിയുമില്ല; എന്തുകൊണ്ടാണ് ആന ഇറങ്ങുന്നതെന്ന് അന്വേഷിക്കണ്ടേ, വെള്ളവും ഭക്ഷണവും വനത്തിൽ ഇല്ലാത്തതുകൊണ്ടാണ്. വനം വകുപ്പിന്റെ ധനാഭ്യർത്ഥനയിൽ വനം-വന്യജീവി സംരക്ഷണത്തിന് 70 ലക്ഷം രൂപയോളം മാറ്റിവച്ചിട്ടുണ്ടെന്നാണ് പറഞ്ഞത്. വനത്തിനകത്ത് കുളങ്ങൾ കുഴിക്കണം. ആനയ്ക്ക് കുടിക്കാൻ വെള്ളത്തിനും തീറ്റയ്ക്കും സൗകര്യങ്ങളൊരുക്കികൊടുക്കണം. വെള്ളമില്ലാതെ വരുമ്പോഴാണ് ആനയിറങ്ങുന്നത്. വന്യജീവികൾക്കാവശ്യമായ സൗകര്യങ്ങളൊരുക്കി കൊടുക്കേണ്ടത് വനം വകുപ്പിന്റെ ചുമതലയാണ്. ഇല്ലെങ്കിൽ നാട്ടിലിറങ്ങി ആളുകളെ ഉപദ്രവിക്കും. വലിയ മാംസഭോജികളായ വന്യമൃഗങ്ങളുള്ള പ്രദേശങ്ങളിൽ മാംസഭോജികളും മനുഷ്യരും തമ്മിലുള്ള സംഘട്ടനം വർദ്ധിച്ചിട്ടുണ്ട്. മുറിവേറ്റ കടുവകളുടെ സത്വര ചികിത്സയ്ക്കായും ആവശ്യമുള്ളിടത്ത് അവയുടെ ശാശ്വതമായ പുനരധിവാസത്തിനുമായി ഒരു കടുവ പുനരധിവാസകേന്ദ്രം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. വന്യമൃഗങ്ങളെ സംരക്ഷിക്കണം, തീറ്റകൊടുക്കണം, വെള്ളംകൊടുക്കണം. അല്ലെങ്കിൽ ഇവ പുറത്തേയ്ക്കിറങ്ങും. ആന നിന്ന് ആനക്കുഞ്ഞിനെ കൂട്ടി വേണമെങ്കിൽ

പെരിയാറിനപ്പുറത്തേയ്ക്ക് കടത്തിവിടാം. എന്തുകൊണ്ട് കടത്തിവിടുന്നില്ല; 100 ഏക്കർ കൃഷി പരിപൂർണ്ണമായി ആന നശിപ്പിച്ചു, കൃഷിക്കാരൻ എന്തുചെയ്യും? കാട്ടുപന്നിയെ നിയന്ത്രിക്കാൻ കഴിയും, ആനകളെ നിയന്ത്രിക്കാൻ കഴിയില്ല. ട്രെഞ്ചിന്റെ അപ്പുറത്ത് ഇലക്ട്രിക് ഫെൻസ് ചെയ്താൽ ആന തകർക്കുകയില്ല, അഥവാ ചെയ്താൽ എടുത്തടിച്ചു കളയും. ഇതറിയാത്തതാണോ വനം വകുപ്പിന്? കൃത്യമായി എനിക്ക് പറയാൻ കഴിയും ട്രെഞ്ചിന്റെ അപ്പുറത്ത് ഫെൻസ് ചെയ്താൽ ആന തകർക്കുകയില്ല. കാട്ടുപന്നിയെ ചെറുക്കാൻ ടാറ്റായുടെ ഫെൻസിംഗ് നിർമ്മിച്ചിട്ടുണ്ട്. വനാതിർത്തിയിൽ അത് സ്ഥാപിക്കുകയാണെങ്കിൽ പന്നിക്ക് ഇപ്പുറത്തിറങ്ങാൻ കഴിയില്ല. അതിനൊക്കെ പണം കണ്ടെത്തണം. വന്യമൃഗങ്ങളും മനുഷ്യനും തമ്മിലുള്ള സംഘട്ടനം ഇങ്ങനെ തുടരുന്നത് അനുവദിക്കാൻ പാടില്ല. വനാതിർത്തി പങ്കിടുന്ന ധാരാളം പ്രദേശങ്ങൾ വയനാട്ടിലും കണ്ണൂരിലുമുണ്ട്. അവിടത്തെ ആളുകൾ വന്യമൃഗങ്ങളെ ഭയപ്പെട്ട് കഴിയുകയാണ്. ബഹുമാനപ്പെട്ട വനം വകുപ്പ് മന്ത്രിയോട് എനിക്ക് പറയാനുള്ളത് ഈ തുക കുറച്ചുകൂടി വർദ്ധിപ്പിച്ച് ഫെൻസിംഗ് എല്ലായിടത്തും ഏർപ്പെടുത്തണം, ട്രെഞ്ച് കുഴിക്കണം. ട്രെഞ്ചിന്റെ അങ്ങേയറ്റത്ത് ഇലക്ട്രിക് ഫെൻസിംഗായാൽ കുഴപ്പമുണ്ടാകില്ല. ഞാൻ

ഇക്കാര്യം വിശദമായി പഠിച്ചിരിക്കുന്നു. ഒരു ചർച്ചയ്ക്ക് തയ്യാറാണെങ്കിൽ മുഴുവൻ സ്ഥലങ്ങളിലും പന്നി കടക്കാതെ ഫെൻസിംഗ് ഏർപ്പെടുത്താം. ശാസ്ത്രീയമായി കാര്യങ്ങളെ നേരിടേണ്ടതല്ലേ? രാജവെമ്പാലയെ കൊന്നതിന്റെ പേരിൽ രണ്ടുമാസം ഒളിച്ച് താമസിക്കേണ്ടിവരിക. ആ ഒരു സമീപനം....... ആരാണ് കൊന്നതെന്ന് പിടികിട്ടിയില്ല, തൊണ്ടിമുതൽ കിട്ടിയില്ല, കുഴിച്ചിട്ട സ്ഥലത്ത് വേറെ എന്തോ എടുത്തിട്ട് കോഴിയെ കുഴിച്ചിട്ടു. അങ്ങനെ മാന്തിയിട്ടും കിട്ടാത്തതിന്റെ പേരിൽ കേസ് ചാർജ്ജ് ചെയ്തു. ആളെ കിട്ടാത്തതു കാരണം വീട്ടുടമസ്ഥൻ ഇപ്പോഴും ഭയന്നുനടക്കുകയാണ്. രാജവെമ്പാലയെ കൊന്നതിന് കണ്ടാലറിയാവുന്ന കുറച്ച് പ്രതികളെ വച്ചിരിക്കുകയാണ്. അങ്ങ് ഇത് അന്വേഷിക്കണം. കുട്ടമ്പുഴ പഞ്ചായത്തിലാണ് ഈ സംഭവം നടന്നത്. മൃഗങ്ങളും മനുഷ്യനും തമ്മിൽ സ്നേഹമായി ജീവിക്കണ്ടേ; അതിനുള്ള അന്തരീക്ഷമുണ്ടാക്കണം. മനുഷ്യരെ തീറ്റുന്നതുപോലെതന്നെ വനത്തിനടുത്ത് കുളമുണ്ടാക്കണം, തീറ്റയില്ലാത്തിടത്ത് തീറ്റയിട്ടുകൊടുക്കണം. വനം വകുപ്പിന്റെ ചെലവ് അതിനുവേണ്ടി കുറെ മാറ്റിവയ്ക്കണം. ഈ അവസരത്തിൽ കെ. എസ്. ജോർജ്ജിന്റെ രണ്ടുവരികൾ ഞാൻ മൂളുന്നു.

"പാമ്പുകൾക്ക് മാളമുണ്ട് പറവകൾക്ക് ആകാശമുണ്ട്...

മനുഷ്യപുത്രന് തല ചായ്ക്കാൻ മണ്ണിലിടമില്ല...."

അടിയന്തരമായി നടപടികൾ സ്വീകരിക്കണം. കോതമംഗലത്തെ 5 പഞ്ചായത്തുകളിൽ ആളുകൾ ഭയവിഹ്വലരായിരിക്കുകയാണ്. സത്വരമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വനാതിർത്തിക്ക് അടുത്തുള്ള കൃഷിയിടങ്ങളിൽ നിരന്തരമായുണ്ടാകുന്ന വന്യജീവികളുടെ ആക്രമണം തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട പി. ജെ. ജോസഫ് ഇവിടെ ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിച്ചിട്ടുള്ളത്. ഈ വിഷയം ഇപ്പോഴത്തെ സമ്മേളനത്തിൽ പല അംഗങ്ങളും സബ്മിഷനായും ശ്രദ്ധക്ഷണിക്കലായും പലപ്രാവശ്യം ഉന്നയിക്കുകയുണ്ടായിട്ടുണ്ട്. അതിനെല്ലാം മറുപടികൾ പറഞ്ഞിട്ടുള്ളതുമാണ്. സംസ്ഥാനത്തെ വനമേഖലയിൽ വന്യമൃഗങ്ങളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ടെന്നും തൽഫലമായി അവയിലൊരു ഭാഗം നാട്ടിലേക്കിറങ്ങുന്ന സാഹചര്യമുണ്ടായി എന്നതും വസ്തുതയാണ്. ഇതുകാരണം വനാതിർത്തിയോടുചേർന്ന പ്രദേശങ്ങളിൽ അവയുടെ ആക്രമണവും കൃഷി നാശവുമുണ്ടാകുന്നുണ്ടെന്നതും സത്യമാണ്.

ഇത്തരത്തിൽ കൃഷി നാശമുണ്ടാക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നത് കാട്ടുപന്നികളാണ്. കർഷകർക്ക് പരിക്കും ജീവഹാനിയും കൃഷിനാശവുമുണ്ടാക്കുന്ന കാട്ടുപന്നികളിൽ നിന്നും ജനങ്ങൾക്ക് സംരക്ഷണം ലഭ്യമാക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികളെ സംബന്ധിച്ച് 11-12-2018-ൽ കൂടിയ സംസ്ഥാന വന്യജീവി ബോർഡിന്റെ യോഗത്തിൽ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. കാട്ടുപന്നി ആക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ അവയെ (vermin) ശല്യകാരിയായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച വിദഗ്ദ്ധ പഠനം നടത്തുന്നതിന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയെയും പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനെയും സംയുക്തമായി പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ അവലംബിക്കുന്ന പ്രതിരോധമാർഗ്ഗങ്ങളുടെ കാര്യശേഷി സംബന്ധിച്ചും ഓരോ പ്രദേശത്തിനും അനുയോജ്യമായ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ജീവനക്കാർക്ക് അടിയന്തര സാഹചര്യത്തെ നേരിടാൻ പരിശീലനം, മനുഷ്യ വന്യജീവി സംഘർഷം നേരിടുന്നതിനായി സമഗ്ര പദ്ധതി തയ്യാറാക്കൽ എന്നിവ പ്രസ്തുത പഠനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരു വർഷത്തിനുള്ളിൽ പഠനം

പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ തീരുമാനമുണ്ടാകുന്നതുവരെ 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗപ്പെടുത്തി ഉപദ്രവകാരികളായ കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിന് സർക്കാർ ഉത്തരവ് നമ്പർ 7/2019 വനം തീയതി 16/02/2019-പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത ഉത്തരവ് ഫലപ്രദമായി നടപ്പിലാക്കാത്തതിനാൽ ഉത്തരവിൽ ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഘൂകരിക്കുന്നതിനും ചില ഭേദഗതികൾ വരുത്തുന്നതിനുമായി പുതിയ പ്രൊപ്പോസൽ 03/01/2020-ൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ലൈസൻസുള്ള തോക്ക് കൈവശമുള്ളവർക്കും ഫോറസ്റ്റ് ഉദ്യോഗസ്ഥർക്കും യൂണിഫോം ഫോഴ്സിൽപെടുന്നവർക്കും പന്നിയെ വെടിവയ്ക്കാമെന്നാണ് ഈ ഉത്തരവിൽ പറയുന്നത്. ബഹുമാനപ്പെട്ട പി. ജെ. ജോസഫ് പ്രത്യേകം ശ്രദ്ധിക്കണം. ചില ഭേദഗതി വരുത്തിക്കൊണ്ടുള്ള പുതിയ പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ലൈസൻസുള്ള തോക്ക് കൈവശമുള്ള കൃഷിക്കാർക്കും പന്നിയെ വെടിവയ്ക്കാൻ കഴിയുന്ന തരത്തിലുള്ള ഭേദഗതി നിർദ്ദേശമാണ് വന്നിട്ടുള്ളത്. അതുസംബന്ധിച്ച് സർക്കാർ

പരിശോധിക്കുകയാണ്. അത്തരത്തിലുള്ള അനുമതി നൽകുന്ന നടപടിയിലേയ്ക്കായിരിക്കും ഗവൺമെന്റ് പോകുന്നത്. മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് സംസ്ഥാനത്ത് 2018-19 വരെ 2413.7 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജവേലി, 631 കിലോമീറ്റർ നീളത്തിൽ ആനപ്രതിരോധ കിടങ്ങുകൾ, 178.133 കിലോമീറ്റർ ആനപ്രതിരോധ മതിൽ, ആറുകിലോമീറ്റർ കല്ലുകെട്ടിയ കിടങ്ങുകൾ, 26 കിലോമീറ്റർ ജൈവവേലി, 248 കിലോമീറ്റർ കയ്യാല, 1.2 കിലോമീറ്റർ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. എങ്കിലും ഇനിയും ധാരാളം മേഖലയിൽ ഇതുപോലെയുള്ള സംരക്ഷണവേലിയോ ഭിത്തിയോ കെട്ടാനുള്ള മേഖലകളുണ്ട്. അവ കിഫ്ബിയിലുൾപ്പെടുത്തി ചെയ്യുന്നതിനുവേണ്ടി നൂറ് കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതുകൂടി ലഭ്യമാകുന്ന മുറയ്ക്ക് ഈ വർഷംതന്നെ വനമേഖലയുമായി ബന്ധപ്പെട്ടുള്ള പ്രതിരോധ കിടങ്ങുകളോ വേലിയോ കെട്ടാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസപ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജവേലികൾ, ആനപ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ്

തുടങ്ങിയവ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. വനത്തിന് പുറത്തേയ്ക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം, സ്ഥിരമായി ജനവാസകേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീലൊക്കേറ്റ് ചെയ്യൽ, പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാനിർദ്ദേശം നൽകൽ, വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ, വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റിപാർപ്പിക്കുന്നതിനുള്ള നടപടികൾ, അങ്ങ് നിർദ്ദേശിച്ചതുപോലെ വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും

നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ, മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാസമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്.

രാജവെമ്പാലയുടെ കാര്യം അങ്ങ് ഇപ്പോൾ പറഞ്ഞതാണ്. നോട്ടീസിലുള്ള കാര്യമല്ല. എന്താണ് അവിടെ സംഭവിച്ചതെന്നുള്ളതിനെ സംബന്ധിച്ച് അന്വേഷിക്കാം. രാജവെമ്പാല വന്യജീവിയാണ്. അതിനെ കൊല്ലാൻ പാടില്ല. ഫോറസ്റ്റ് ഉദ്യോഗസ്ഥരെ അറിയിച്ചാൽ ഭീതി ഒഴിവാക്കി അവർ പിടിച്ച് വനത്തിനുള്ളിൽ കൊണ്ടുപോയി വിടും. അതാണ് ചെയ്യേണ്ടിയിരുന്നത്.

അങ്ങ് ഒരു പാട്ടിലൂടെ, മനുഷ്യർക്ക് വീടില്ലാത്തവർക്ക് വീട് പാർപ്പിടത്തിന്റെ കാര്യമാണ് അങ്ങ് ഉന്നയിച്ചത്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഫലപ്രദമായി നടപടി സ്വീകരിക്കുന്നു. അതിന്റെ ഭാഗമായി രണ്ടുലക്ഷം വീടുകൾ പൂർത്തീകരിച്ചു. വീടില്ലാത്തവർക്ക് വീടും ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടും നൽകുമെന്ന് 29-ാം തീയതി തിരുവനന്തപുരത്തുവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപനം നടത്തുകയാണ്. രണ്ടുലക്ഷം പേർക്ക് വീട് കൊടുക്കുന്നു. ബാക്കിയുള്ളവർക്ക് ഇനി ഫ്ലാറ്റ് ഒരുമിച്ച് കൊടുക്കാൻ പോകുകയാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, അങ്ങ് ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രെഞ്ച് കുഴിച്ചിട്ട് ഫെൻസിംഗ് എവിടെയാണ് നടത്തേണ്ടത്? ട്രെഞ്ചിന്റെ അങ്ങേവശത്താണ്. ട്രെഞ്ചിൽ നിന്നുകൊണ്ട് തകർക്കാൻ പറ്റില്ല. അല്ലെങ്കിൽ ആന ഫെൻസിംഗിന്റെ സ്ഥലത്ത് ചെന്ന് ഉണക്കമരങ്ങൾ അടിച്ചുതകർത്തുകളയും. ഫെൻസിംഗിന്റെ അപ്പുറത്ത് ചെയ്താൽ കടക്കാൻ പറ്റില്ല. ഗാഡ്ഗിൽ റിപ്പോർട്ടിനോട് യോജിപ്പില്ല. പക്ഷേ അതിനകത്തൊരു ഭാഗമുണ്ട്. മനുഷ്യരെ ഉപദ്രവിക്കുന്ന കാട്ടുപന്നികളെ കൊന്ന് മൂല്യാധിഷ്ഠിത വസ്തുക്കളാക്കി അതിന്റെ ലാഭം കർഷകർക്കുകൊടുക്കണമെന്ന് ഗാഡ്ഗിൽ റിപ്പോർട്ടിലുണ്ട്. അപ്പോൾ ശല്യം പെരുകിയാൽ പന്നിയെ കൊല്ലാം. പക്ഷേ പന്നി കടക്കാതിരിക്കാനുള്ള ഫെൻസിംഗുണ്ട്. ടാറ്റായുടെ ഒരു സംവിധാനമുണ്ട് മേപ്പാടിയിൽ ഞാൻ അത് ചെയ്തിട്ടുണ്ട്. അങ്ങനെ ചെയ്താൽ പന്നി കടക്കുകയില്ല. അവിടെയും ഇവിടെയും ചെയ്തിട്ട് കാര്യമില്ല. ഒരു സമഗ്രമായ പദ്ധതി കിഫ്ബിയിൽപ്പെടുത്തി എന്നുപറഞ്ഞപ്പോൾ സംഗതി തീർന്നു. ഇതിനുള്ള തുക കിഫ്ബിയിലല്ല. ആനയും കുഞ്ഞുമായി ഒരുമാസമായി അവിടെ നിൽക്കുകയാണ്. അവരെ കടത്തിവിടാനുള്ള സംവിധാനമുണ്ടാക്കണം. ഇപ്പോഴും അവിടെത്തന്നെയാണോ നിൽക്കുന്നതെന്നുള്ളത് സംബന്ധിച്ച് അങ്ങ്

അന്വേഷിക്കണം.

ശ്രീ. കെ. രാജു: സർ, അശാസ്ത്രീയമായ രീതിയിൽ പലയിടത്തും ഫെൻസിംഗ് നടന്നിട്ടുള്ളത് ശരിയാണ്. ആനത്താര സമ്പൂർണ്ണമായി അടച്ചുകൊണ്ടുള്ള ഫെൻസിംഗും നടന്നിട്ടുണ്ട്. അതുകൊണ്ടുവരുന്ന കുഴപ്പമാണ് തീറ്റ അന്വേഷിച്ച് വെള്ളം കുടിക്കാനായി വരുന്ന ആനകൾ തിരിച്ചുപോകാതെ നിൽക്കുന്നത് അശാസ്ത്രീയമായി മുമ്പ് നടന്നിട്ടുള്ള ഫെൻസിംഗിന്റെ ഭാഗമായാണ്. അവരുടെ വഴിയടച്ച് ഫെൻസിംഗ് നടത്തിയാൽ നല്ല ബലത്തിൽ വേലികെട്ടിയാലും അത് പൊളിച്ചുകൊണ്ട് പുറത്തുവരും. അതുകൊണ്ട് അത്തരം കാര്യങ്ങൾ ഒഴിവാക്കിക്കൊണ്ട് ആനത്താരകളോ അല്ലെങ്കിൽ വന്യജീവികൾ സ്ഥിരമായി സഞ്ചരിക്കുന്ന പാതകളോ ഒഴിവാക്കിക്കൊണ്ട് ഫെൻസിംഗ് നടത്തേണ്ടിവരും. അതിനെ സംബന്ധിച്ച് ആലോചിച്ച് ചെയ്യാവുന്നതാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, ആനകൾക്ക് എല്ലാ സംരക്ഷണവും ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ. കെ. രാജു: സർ, സ്വീകരിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രദ്ധക്ഷണിക്കൽ കഴിഞ്ഞു..... പ്ലീസ്.....

ശ്രീ. പി. ജെ. ജോസഫ്: സർ, കോതമംഗലത്ത് അഞ്ച് ആനകളും ഒരു

കുട്ടിയാനയും ഇപ്പോഴും നിൽക്കുകയാണ്. ഒരു പഞ്ചായത്തിലെ നൂറ് ഏക്കർ സ്ഥലം അവ നശിപ്പിച്ചു. ഞാൻ അവിടെ പോയി കണ്ടതാണ്. അവയെ അവിടെനിന്ന് മാറ്റുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

ശ്രീ. കെ. രാജു: സർ, കുറച്ചുനാളുകൾക്ക് മുമ്പുള്ള കാര്യമാണ് അദ്ദേഹം പറഞ്ഞത്. ഇപ്പോൾ അവിടെ ആന നിൽക്കുന്നുണ്ടോ എന്നുള്ളത് അങ്ങ് പരിശോധിക്കണം. അങ്ങനെ ഉണ്ടെങ്കിൽ ഉടൻതന്നെ ഫോറസ്റ്റ് ഉദ്യോഗസ്ഥരെ, റാപ്പിഡ് ഫോഴ്സിനെ അയച്ച് ആനകളെ വളരെ സുരക്ഷിതമായിത്തന്നെ അകത്തേയ്ക്ക് അയയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. "പാമ്പുകൾക്ക് മാളമുണ്ട് ....." എന്ന പാട്ടിന് സംരക്ഷണം വേണം. ഇത് വെറുതെയുള്ള പാട്ടല്ല. കെ. എസ്. ജോർജ്ജ് പാടിയ, കെ.പി.എ.സി.-യുടെ, ലോകപ്രശസ്തമായ ആ പാട്ടിന് സംരക്ഷണം വേണം. ജനഹൃദയങ്ങളിലുള്ള പാട്ടാണത്.